**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി
**(2023-26)**

**പതിനഞ്ചാമത് റിപ്പോർട്ട്**

**(**2026 ഫെബ്രുവരി മാസം 24 -ാം തീയതി സഭയിൽ സമർപ്പിച്ചത്**)**

**(മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ**
**റിപ്പോർട്ടുകളും വകുപ്പിൽനിന്ന് പുറപ്പെടുവിച്ച**
**എസ്.ആർ.ഒ./വിജ്ഞാപനങ്ങളും**
**സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം**
**വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

**പതിനഞ്ചാം കേരള നിയമസഭ**

# മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

**(2023-26)**

**പതിനഞ്ചാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ**

**റിപ്പോർട്ടുകളും വകുപ്പിൽനിന്ന് പുറപ്പെടുവിച്ച**

**എസ്.ആർ.ഒ./വിജ്ഞാപനങ്ങളും**

**സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുന്നതിൽ കാലതാമസം**

**വരുത്തിയത് സംബന്ധിച്ച റിപ്പോർട്ട്)**

## ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | V |
| മുഖവുര | .. | VII |
| ആമുഖം | .. | IX |
| റിപ്പോർട്ട് | .. | 1-24 |
| അനുബന്ധം 1 | .. | 25-26 |
| അനുബന്ധം 2 | .. | 27-31 |

## മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി

## (2023-26)

### സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. പി. സി. വിഷ്ണുനാഥ്, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. പി. അബ്ദുൽ ഹമീദ്, എം.എൽ.എ.

ശ്രീ. എൻ. കെ. അക്ബർ, എം.എൽ.എ.

ശ്രീ. എം. എസ്. അരുൺകുമാർ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. എം. നൗഷാദ്, എം.എൽ.എ.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീമതി റീന വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീ. സുരേശൻ സി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ശ്യാം കെ. എസ്., അണ്ടർ സെക്രട്ടറി

**മുഖവുര**

മേശപ്പുറ<u>ത്തു</u>വച്ച കടലാസുകൾ സംബന്ധിച്ച സമിതി(2023-26)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ഈ റിപ്പോർട്ട് 2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന സമിതി യോഗം അംഗീകരിച്ചു.

**ശ്രീ. പി. സി. വിഷ്ണുനാഥ്,**

തിരുവനന്തപുരം

*ചെയർപേഴ്സൺ,*

24 ഫെബ്രുവരി 2026

*മേശപ്പുറ<u>ത്തു</u>വച്ച കടലാസുകൾ സംബന്ധിച്ച സമിതി.*

## ആമുഖം

നിയമസഭയുടെ നടപടിക്രമമനുസരിച്ച് ഓരോ വകുപ്പും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ, സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ നിർദ്ദിഷ്ട കാലയളവിനുള്ളിൽ നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കുക എന്നത് വകുപ്പുകളുടെ ചുമതലയാണ്. കടലാസുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണോയെന്നും അവ വയ്ക്കുന്നതിന് അകാരണമായ കാലതാമസം ഉണ്ടായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആ കാരണങ്ങൾ വസ്തുനിഷ്ഠമായി പരിശോധിക്കുന്നതിനുമായി 1995 ഏപ്രിൽ മാസം 28-ാം തീയതി കേരള നിയമസഭയുടെ മേശപ്പുറത്തു വച്ച കടലാസുകൾ സംബന്ധിച്ച സമിതി രൂപീകൃതമായി.

വിവിധ പൊതുമേഖലാ സ്ഥാപനങ്ങളിലെ സർക്കാർ മുതൽമുടക്കിന്റെ കണക്കുകൾ സൂക്ഷിക്കലും വിനിയോഗവും സംസ്ഥാന നിയമസഭ നിരീക്ഷിക്കണമെന്നതുകൊണ്ടാണ് അവയുടെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും അതാത് സാമ്പത്തിക വർഷം അവസാനിച്ച് ഒൻപത് മാസത്തിനകം സഭയിൽ സമർപ്പിക്കേണ്ടത്. സമാനമായി എസ്.ആർ.ഒ., വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് രണ്ടു മാസത്തിനകവും സഭയിൽ സമർപ്പിക്കണമെന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 166-ൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഷിക റിപ്പോർട്ട് മാത്രം സമർപ്പിക്കേണ്ട സ്ഥാപനങ്ങൾ ആയത് സാമ്പത്തികവർഷം അവസാനിച്ച് 6 മാസത്തിനകം ലഭ്യമാക്കേണ്ടതാണ്.

സമിതിയുടെ നിരന്തരമായ ഇടപെടലുകളുടെ ഫലമായി സർക്കാർ പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ.കൾ, വിജ്ഞാപനങ്ങൾ, സ്ഥാപനങ്ങളുടെ വാർഷിക/ഓഡിറ്റ് റിപ്പോർട്ടുകൾ എന്നിവ സഭയിൽ സമർപ്പിക്കുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തെ മിക്ക പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോഴും ചട്ടങ്ങൾ അനുശാസിക്കുന്ന സമയപരിധി പാലിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തുന്നുണ്ട്. മത്സ്യബന്ധനവും തുറമുഖവും

വകുപ്പ് റിപ്പോർട്ട് സമർപ്പണത്തിൽ വരുത്തിയ കുടിശ്ശിക തീർപ്പാക്കുന്നതിനും പ്രസ്തുത വിഷയത്തിന്റെ ഗൗരവം വകുപ്പിനെ ബോധ്യപ്പെടുത്തുന്നതിനും വേണ്ടി മത്സ്യബന്ധനവും തുറമുഖവും വകുപ്പ് സെക്രട്ടറിയിൽ നിന്നും അനുബന്ധ ഉദ്യോഗസ്ഥരിൽ നിന്നും 13.08.2024-ന് തെളിവെടുപ്പ് നടത്തുകയുണ്ടായി. പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

## റിപ്പോർട്ട്

കേരളത്തിന്റെ സാമ്പത്തിക സാമൂഹിക വളർച്ചയിൽ നിർണ്ണായക സംഭാവന നല്കുന്ന ഒരു തൊഴിൽ മേഖലയാണ് മത്സ്യബന്ധന മേഖല. മത്സ്യബന്ധനം, മത്സ്യകൃഷി എന്നിവയുടെ വികസനത്തിനായി 1956 നവംബർ 1-ന് ഫിഷറീസ് വകുപ്പ് സ്ഥാപിതമായി. പാർശ്വവത്കരിക്കപ്പെട്ട കഠിനാധ്വാനികളായ മത്സ്യത്തൊഴിലാളി സമൂഹത്തെ മുഖ്യധാരയിലേയ്ക്ക് കൊണ്ട് വന്ന് അവരുടെ ഉപജീവന സുരക്ഷയും വിദ്യാഭ്യാസ ഉന്നതിയും സാമ്പത്തിക വളർച്ചയും ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നു. സമുദ്ര-ഉൾനാടൻ മേഖലകളുടെ സുസ്ഥിര വികസനവും വ്യവസായവൽക്കരണവും വഴി സാമ്പത്തിക വളർച്ചയും ഭക്ഷ്യസുരക്ഷയും പോഷകസുരക്ഷയും മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക ഉന്നമനവുമാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

2) മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ ക്ഷേമത്തിനും അഭിവൃദ്ധിക്കുമായുള്ള പദ്ധതികൾ നടപ്പിലാക്കുക, മത്സ്യമേഖലയിൽ പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിക്കുക, തീരപ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക, മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക വികസനത്തിനായുള്ള കേരള സർക്കാരിന്റെ നയങ്ങൾ നടപ്പിലാക്കുക, മത്സ്യത്തൊഴിലാളികൾക്കും മത്സ്യകർഷകർക്കും മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിന് സഹായകമായ നടപടികൾ എടുക്കുക, മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുക എന്നിവയാണ് വകുപ്പിന്റെ പ്രധാന ചുമതലകൾ.

3) മത്സ്യമേഖലയുടെ ഉന്നമനത്തിനായി വകുപ്പിനോടൊപ്പം കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ്(മത്സ്യഫെഡ്), കേരള ജലകൃഷി വികസന ഏജൻസി(അഡാക്ക്), കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്(KFWFB), സംസ്ഥാന ഫിഷറീസ്

മാനേജ്മെന്റ് കൗൺസിൽ(SFMC), ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി (എഫ്.എഫ്.ഡി.എ), നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ (നിഫാം), സൊസൈറ്റി ഫോർ അസിസ്റ്റന്റ്സ് റ്റു ഫിഷർ വുമൻ(സാഫ്), കേരള അക്വാ വെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്(KAVIL), കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) എന്നീ ഏജൻസികളും പ്രവർത്തിക്കുന്നു.

4) മത്സ്യബന്ധനവും തുറമുഖവും വകുപ്പിനുകീഴിലുള്ള പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങൾ, ബോർഡുകൾ എന്നിവയുടെ കുടിശ്ശിക റിപ്പോർട്ടുകൾ, എസ്.ആർ.ഒ. വിജ്ഞാപനങ്ങൾ, നടപടി സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കാത്തത് സംബന്ധിച്ച് മത്സ്യബന്ധനവും തുറമുഖവും വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്താൻ സമിതി നിർദ്ദേശിക്കുകയുണ്ടായി. അതിൻപ്രകാരം 2024 ഓഗസ്റ്റ് 13-ാം തീയതി തെളിവെടുപ്പ് നടത്തുകയും പ്രസ്തുത തെളിവെടുപ്പിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും കൈക്കൊണ്ട തീരുമാനങ്ങളും വകുപ്പിന് നൽകിയ നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങിയതാണ് ഈ റിപ്പോർട്ട്.

5) ചട്ടപ്രകാരം നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യതയുള്ളതായി വകുപ്പ് അറിയിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ 13.08.2024-ാം തീയതി വരെയുള്ള റിപ്പോർട്ട് സമർപ്പണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അവസാനം സഭയിൽ സമർപ്പിച്ച റിപ്പോർട്ട് (13.08.24 -ാം തീയതി വരെ) | കുടിശ്ശിക റിപ്പോർട്ടുകൾ | റിമാർക്സ് |
|---|---|---|---|---|
| 1 | കേരള ജലകൃഷി വികസന അതോറിറ്റി (അഡാക്ക്) | 2017-18 ലെ ഓഡിറ്റ് റിപ്പോർട്ട് 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ് (2018-19 മുതൽ 2022-23 വരെ) | ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്. വാർഷിക റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല |
| 2 | കേരള ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) | 2016-17-ലെ ഓഡിറ്റ് റിപ്പോർട്ട് 11.06.2024-ന് സഭയിൽ സമർപ്പിച്ചു. | 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശികയാണ്. (2018-19 മുതൽ 2022-23 വരെ) | ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്. വാർഷിക റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല |
| 3 | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSCADC) | 2019-20 ലെ വാർഷിക റിപ്പോർട്ടും കണക്കുകളും 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ റിപ്പോർട്ടുകൾ കുടിശികയാണ്. (2020-21 മുതൽ 2022-23 വരെ) | |
| 4 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്) | 2021-22 ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 15.02.2024-ന് സഭയിൽ സമർപ്പിച്ചു. | 4 വർഷത്തെ റിപ്പോർട്ട് കുടിശികയാണ് (2016-17, 2017-18, 2018-19, 2022-23) | 2015-16-ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ കാലതാമസപത്രികയിന്മേൽ സമിതി ആരാഞ്ഞ അധികവിവരം ലഭ്യമാക്കിയിട്ടില്ല |

| | | | | |
|---|---|---|---|---|
| 5 | കേരള മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡ്(KFWFB) | 2020-21 ലെ ഓഡിറ്റ് റിപ്പോർട്ട് 11.06.2024-ന് സഭയിൽ സമർപ്പിച്ചു. | 2008-09 മുതൽ 2019-20 വരെയും 2021-22, 2022-23 വരെയുമുള്ള 13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണ്. | ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്. വാർഷിക റിപ്പോർട്ടുകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല |
| 6 | കേരള സംസ്ഥാന മത്സ്യതൊഴിലാളി കടാശ്വാസ കമ്മീഷൻ | 2022-23 ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 31.01.2024-ന് സഭയിൽ സമർപ്പിച്ചു. | 8 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണ്( 2010-11, 2011-12, 2012-13, 2014-15, 2015-16, 2018-19, 2020-21, 2021-22) | 2017-18 ലെ വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരം ലഭ്യമാക്കിയിട്ടില്ല. |
| 7 | കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് | 2015-16-ലെ വാർഷിക റിപ്പോർട്ട് 20.06.2019-ന് സഭയിൽ സമർപ്പിച്ചു. | 2016-17 മുതലുള്ള 7 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണ് | ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടത്. |
| 8 | വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് | 2019-20-ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും 11.06.2024-ന് സഭയിൽ സമർപ്പിച്ചു. | 3 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണ് (2020-21 മുതൽ 2022-23 വരെ) | |
| 9 | മലബാർ ഇന്റർനാഷണൽ പോർട്സ് & സെസ്സ് ലിമിറ്റഡ് | 2021-22 ലെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും | 1 വർഷത്തെ റിപ്പോർട്ട് കുടിശ്ശികയാണ് (2022-23) | |

| | | | | |
|---|---|---|---|---|
| | | 11.06.2024-ന് സഭയിൽ സമർപ്പിച്ചു. | | |
| 10 | കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല (KUFOS) | 2011-12-ലെ ഓഡിറ്റ് റിപ്പോർട്ട് 27.02.2018-ന് സഭയിൽ സമർപ്പിച്ചു. | 2015-16 മുതലുള്ള 8 വർഷത്തെ വാർഷിക റിപ്പോർട്ടും 2012-13 മുതലുള്ള 11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കുടിശ്ശികയാണ് | |

**1. കേരള ജലകൃഷി വികസന ഏജൻസി (അഡാക്ക്)**

6) 1955–ലെ ട്രാവൻകൂർ–കൊച്ചി ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് 24.05.1989–ൽ സ്ഥാപിതമായ മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള ഒരു സ്വയംഭരണ സ്ഥാപനമാണ് ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള (ADAK). കേരള ഫിഷറീസ് വകുപ്പ് പ്രമോട്ട് ചെയ്തിട്ടുള്ള ഈ സ്ഥാപനം ചെമ്മീൻ കൃഷി വികസനത്തിനായി കുവൈറ്റ് ഫണ്ട് മുഖേന യു.എസ്.എ.യുടെ സാങ്കേതിക സഹായത്തോടുകൂടി കേരള സർക്കാർ സ്ഥാപിച്ചിട്ടുള്ളതാണ്. സംസ്ഥാന, കേന്ദ്ര ഗവൺമെന്റുകളുടെയും മറ്റ് ബാഹ്യ ധനസഹായ സ്രോതസ്സുകളുടെയും സാമ്പത്തിക സഹായത്തോടെ വിവിധ അക്വാകൾച്ചർ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. മത്സ്യകൃഷിക്ക് ആവശ്യമായ വിവിധതരം മത്സ്യ വിത്തുകളുടെയും തീറ്റകളുടെയും മറ്റ് അനുബന്ധ ഉൽപ്പന്നങ്ങളുടെയും ഉത്പാദനം, വിതരണം, വ്യാപാരം എന്നിവയിലൂടെ അഡാക്ക് കർഷകർക്ക് തൊഴിലവസരങ്ങളും വരുമാനവും നൽകി മത്സ്യബന്ധന വികസനം സുഗമമാക്കുന്നു. ചട്ട പ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

7) കേരള ജലകൃഷി വികസന അതോറിറ്റിയുടെ 5 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നും ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടെങ്കിലും വാർഷിക റിപ്പോർട്ട് ലഭ്യമാക്കുന്നില്ലായെന്ന് മനസ്സിലാക്കിയ സമിതി കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശിച്ചിരുന്നു. സ്ഥാപനത്തിന്റെ ആറ് വർഷത്തെ ഓഡിറ്റ് പെൻഡിംഗുണ്ടായിരുന്നതിൽ മൂന്നുവർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ടുകൾ വകുപ്പിൽ സമർപ്പിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവയുടെ അക്കൗണ്ടിങ് പൂർത്തിയായിട്ടുണ്ടെന്നും ആറ് മാസത്തിനുള്ളിൽ കുടിശ്ശിക റിപ്പോർട്ടുകൾ സമർപ്പിക്കുന്നതാണെന്നും അഡാക് മാനേജിംഗ് ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

8) സമിതി നിർദ്ദേശപ്രകാരം 2018-19, 2019-20 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും 2022-23, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ചെങ്കിലും 2022-ന് മുൻപുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളും 2020-ന് ശേഷമുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. സമിതിക്ക് നൽകിയ ഉറപ്പ് പ്രകാരം സ്ഥാപനത്തിന്റെ 2020-21 മുതൽ 2024-25 വരെയുള്ള ഓഡിറ്റ് റിപ്പോർട്ടുകളും 2018-19 മുതൽ 2021-22 വരെയും 2023-24-ലെയും വാർഷിക റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9) റിപ്പോർട്ട് സമർപ്പണത്തിൽ വകുപ്പിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം തുടർന്നുള്ള വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ കാലതാമസം കൂടാതെ ലഭ്യമാക്കാൻ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**2. സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ (എസ്.എഫ്.എം.സി.)**

**[ കേരള ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) ]**

10) സംസ്ഥാന ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി(FIRMA) 1955-ലെ ട്രാവൻകൂർ-കൊച്ചി ലിറ്റററി സയന്റിഫിക് ആൻഡ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സ്ഥാപനമാണ്.

11) കേരള ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റിയുടെ അഞ്ച് വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയായത് സംബന്ധിച്ച് തെളിവെടുപ്പ് യോഗത്തിൽ സമിതി ആരാഞ്ഞതിന് 16.05.2019-ലെ എസ്.ആർ.ഒ. 343/2019 പ്രകാരം ഫിർമയുടെ പ്രവർത്തനം അവസാനിപ്പിക്കുകയും 16 തസ്തികയും ആസ്തി ബാധ്യതകളും സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലിൽ (എസ്.എഫ്.എം.സി.) ലയിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും സ്ഥാപനത്തിന്റെ 2017-18 വരെയുള്ള റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടെന്നും 2019-22 വരെയുള്ള മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ ഓഡിറ്റിന് നൽകിയിരിക്കുകയാണെന്നും ഓഡിറ്റ് പൂർത്തിയാക്കി ഉടൻ ലഭ്യമാക്കുമെന്നും ഫിർമ മെമ്പർ സെക്രട്ടറി സമിതിയെ അറിയിച്ചിരുന്നു. കുടിശിക റിപ്പോർട്ടുകൾ മൂന്ന് മാസത്തിനുള്ളിൽ സർക്കാരിൽ സമർപ്പിക്കുന്നതാണ് എന്ന് ഫിർമ മെമ്പർ സെക്രട്ടറിയും അഞ്ച് മാസത്തിനുള്ളിൽ നിയമസഭയിൽ സമർപ്പിക്കാമെന്ന് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും സമിതിക്ക് ഉറപ്പ് നൽകിയിരുന്നു.

12) സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല എന്നത് സമിതി ഗൗരവമായി കാണുന്നു. ചട്ടപ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്. സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കുന്നുണ്ടെങ്കിലും വാർഷിക റിപ്പോർട്ട് ലഭ്യമാക്കുന്നില്ലായെന്ന് മനസ്സിലാക്കിയ സമിതി സ്ഥാപനത്തിന്റെ കുടിശ്ശികയായ വാർഷിക റിപ്പോർട്ടുകളും 2018-19 മുതലുള്ള ഓഡിറ്റ്

<u>റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

## 3. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് (KSCADC)

13) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC), കേരളത്തിലെ തീരപ്രദേശങ്ങളുടെ സമഗ്ര വികസനത്തിനായി 22.12.2008-ാം തീയതി തിരുവനന്തപുരം ആസ്ഥാനമായി രൂപീകരിച്ച ഒരു സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമാണ്. 1956-ലെ കമ്പനീസ് ആക്റ്റിന് കീഴിലാണ് സ്ഥാപനം രജിസ്റ്റർ ചെയ്തിരിക്കുന്നത്. ചട്ടപ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

14) സ്ഥാപനത്തിന്റെ 2020-21 മുതലുള്ള 3 വർഷത്തെ റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നും ചട്ടപ്രകാരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടുമാണ് ലഭ്യമാക്കേണ്ടതെന്നും ഓഡിറ്റ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടെങ്കിലും പുറംചട്ടയിൽ അത് രേഖപ്പെടുത്തിയിട്ടില്ലായെന്നും തെളിവെടുപ്പ് യോഗത്തിൽ സമിതി വിശദീകരിച്ചതിന്, 2020-21 വർഷത്തെ ഓഡിറ്റ് പൂർത്തീകരിച്ച് റിപ്പോർട്ട് പ്രസ്സിൽ അച്ചടിക്കുന്നതിനായി നൽകിയിരിക്കുകയാണെന്നും രണ്ട് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളാണ് ഇനി കുടിശ്ശികയുള്ളതെന്നും ഓഡിറ്റ് പൂർത്തിയാക്കി 6 മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കാൻ സാധിക്കുമെന്നും സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. ഓഡിറ്റ് റിപ്പോർട്ട് വാർഷിക റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ "**വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും**" എന്ന് കൃത്യമായി രേഖപ്പെടുത്തൽ വരുത്തണമെന്ന് സമിതി തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശം നൽകിയിരുന്നു.

15) എന്നാൽ സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരമുള്ള കുടിശ്ശിക റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കാത്തത് ഗുരുതരമായ കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. <u>സ്ഥാപനത്തിന്റെ 2020-21 മുതലുള്ള കുടിശ്ശിക റിപ്പോർട്ടുകൾ</u>

അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16) ഇനി മുതൽ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറം ചട്ടയിൽ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് കൃത്യമായി രേഖപ്പെടുത്തി റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിന് വകുപ്പ് ബന്ധപ്പെട്ട സ്ഥാപന മേധാവിക്ക് കർശന നിർദ്ദേശം നൽകണമെന്നും വകുപ്പിന് ലഭ്യമാകുന്ന റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 4. കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ഫെഡറേഷൻ ഫോർ ഫിഷറീസ് ഡെവലപ്‌മെന്റ് ലിമിറ്റഡ് (മത്സ്യഫെഡ്)

17) 1984-ൽ രൂപവൽക്കൃതമായ മത്സ്യഫെഡിന്റെ പ്രധാന പ്രവർത്തനം മത്സ്യത്തൊഴിലാളികളുടെ വികസനക്ഷേമ പ്രവർത്തനങ്ങൾക്കാവശ്യമായ വായ്പകൾ ലഭ്യമാക്കുക, മത്സ്യബന്ധനത്തിനും മത്സ്യവിപണനത്തിനും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തന മൂലധനവും ലഭ്യമാക്കുക എന്നിവയാണ്. കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റി ആക്ട്, 1969-ലെ വകുപ്പ് 63(11) പ്രകാരം മത്സ്യഫെഡിന്റെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

18) സ്ഥാപനത്തിന്റെ മൂന്ന് വർഷത്തെ റിപ്പോർട്ടുകൾ ഗവൺമെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും 2022-23-ലെ റിപ്പോർട്ടുകൾ മാത്രമെ ഇനി നൽകാനുള്ളൂവെന്നും അതിന്റെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെന്നും സഹകരണ നിയമമനുസരിച്ച് വാർഷിക പൊതുയോഗം അംഗീകരിച്ചതിനുശേഷം മാത്രമേ നിയമസഭയിൽ സമർപ്പിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാൽ അടുത്ത വാർഷിക പൊതുയോഗത്തിൽ അംഗീകരിച്ച് സമർപ്പിക്കുന്നതാണെന്നും മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു. റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ടെന്നാണ് മാനേജിംഗ് ഡയറക്ടർ അറിയിച്ചതെന്നും അതിനാൽ

കുടിശ്ശിക റിപ്പോർട്ടുകൾ നാല് മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും ചെയർമാൻ നിർദ്ദേശം നൽകിയതിന് അപ്രകാരം ലഭ്യമാക്കാമെന്ന് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിക്ക് ഉറപ്പുനൽകി.

19) മത്സ്യഫെഡിന്റെ 2015-16-ലെ ഓഡിറ്റ് റിപ്പോർട്ടിന്റെ കാലതാമസ പത്രികയിൻമേൽ സമിതി ആരാഞ്ഞ അധികവിവരത്തിന്മേലുള്ള മറുപടി ആവശ്യപ്പെട്ട് 11.07.2022, 04.01.2023, 22.12.2023 എന്നീ തീയതികളിൽ കത്തുകളും 02.05.2024-ൽ അർദ്ധ ഔദ്യോഗിക കത്തും നൽകിയിട്ടും റിപ്പോർട്ട് ലഭ്യമാക്കാതിരുന്നതിൽ തെളിവെടുപ്പ് വേളയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തിയിരുന്നു. അതിൻപ്രകാരം പ്രസ്തുത അധികവിവര റിപ്പോർട്ട് സമിതിയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ അധികവിവര റിപ്പോർട്ട് ലഭ്യമാക്കുന്നതിൽ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഗുരുതര വീഴ്ച്ച ഉണ്ടായിട്ടുണ്ടെന്ന് നിരീക്ഷിച്ച സമിതി ഇത്തരം വീഴ്ച്ച ആവർത്തിക്കാതിരിക്കാൻ വകുപ്പ് തലത്തിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

20) സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശം നൽകിയ പ്രകാരം സ്ഥാപനത്തിന്റെ 2016-17, 2017-18, 2018-19, 2022-23 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുകയും ആയത് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ 2023-24, 2024-25 വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## 5. കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB)

21) കേരളത്തിലെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ് പ്രകാരം കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (കെ.എഫ്.ഡബ്ല്യു.എഫ്.ബി) പ്രവർത്തിക്കുന്നു. 1980-ലെ കേരള

മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്റ്റ്, 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റ്, 1986-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതി, 1999-ലെ മത്സ്യത്തൊഴിലാളി ഭേദഗതി ആക്റ്റ് എന്നിവയിലെ വകുപ്പുകൾക്കും ചട്ടങ്ങൾക്കും വിധേയമായിട്ടാണ് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ (മത്സ്യബോർഡ്) പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. മത്സ്യബോർഡിലെ ഫിഷറീസ് ഓഫീസർ തയ്യാറാക്കുന്ന മത്സ്യത്തൊഴിലാളി, അനുബന്ധത്തൊഴിലാളി പട്ടികയിൽ പേരുള്ളവരും വിഹിതമടച്ച് അംഗത്വം സ്വീകരിച്ചിട്ടുള്ളവരുമായ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കുമാണ് ബോർഡ് നടപ്പാക്കുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. 1985-ലെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ വകുപ്പ് 26, 27 പ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

22) സ്ഥാപനത്തിന്റെ 2008-09 മുതൽ 2019-20 വരെയും 2021-22 മുതൽ 2022-23 വരെയുമുള്ള 13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകൾ കുടിശ്ശികയാണെന്നും ചട്ട പ്രകാരം ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സമർപ്പിക്കേണ്ടതുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ട് മാത്രമാണ് സമർപ്പിക്കുന്നതെന്നും തെളിവെടുപ്പ് വേളയിൽ സമിതി ചൂണ്ടിക്കാട്ടിയതിന്, 2020-21 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്നും 2021-22 മുതലുള്ള ഓഡിറ്റ് നടക്കുകയാണെന്നും ആറ് മാസത്തിനുള്ളിൽ റിപ്പോർട്ടുകൾ ലഭ്യമാക്കാനാകുമെന്നും കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് (KFWFB) കമ്മീഷണർ സമിതിയെ അറിയിച്ചു.

23) 2008-09 മുതൽ 2019-20 വരെയുള്ള ഓഡിറ്റാണ് കുടിശ്ശിക യുണ്ടായിരുന്നതെന്നും നേരത്തെ റിപ്പോർട്ടുകൾ ഡയറക്ടറേറ്റിലാണ് ലഭ്യമാക്കിയിരുന്ന തെന്നും ഇപ്പോൾ റിപ്പോർട്ടുകൾ സർക്കാരിൽ തന്നെയാണ് സമർപ്പിക്കുന്നതെന്നും 2022-23 ഒഴികെയുള്ള എല്ലാ റിപ്പോർട്ടുകളും ലഭ്യമായിട്ടുണ്ടെന്നും ആയത് ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും

മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിശദീകരിച്ചു. റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിൽ കുടിശ്ശിക വരുത്തിയത് ഗൗരവത്തോടെ വീക്ഷിച്ച സമിതി കുടിശ്ശികയായ റിപ്പോർട്ടുകൾ എത്രയും വേഗം സമിതിക്ക് ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ നിർദേശം നൽകിയിരുന്നു.

24) സമിതി നിർദ്ദേശപ്രകാരം 2008-09 മുതൽ 2011-12 വരെയും 2013-14 മുതൽ 2020-21 വരെയുമുള്ള റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുന്നതിന് ലഭ്യമാക്കുകയും ആയത് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശം നൽകിയ പ്രകാരം സ്ഥാപനത്തിന്റെ 2012-13, 2021-22, 2022-23 വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളും ഓഡിറ്റ് റിപ്പോർട്ടുകളും ലഭ്യമാക്കാതിരുന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം കുടിശ്ശികയായിട്ടുള്ള 2012-13, 2021-22 മുതൽ 2024-25 വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കണമെന്നും തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസം വരുത്താതെ സഭയിൽ സമർപ്പിക്കുന്നതിന് ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## 6. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ

25) കടലിലും ഉൾനാടൻ ജലാശയങ്ങളിലും മത്സ്യബന്ധനം നടത്തി ഉപജീവനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളിൽ ഏറിയ പങ്കും കടബാദ്ധ്യതയിൽ അകപ്പെട്ട് ദുരിതത്തിലാണ്ടുപോയ സാഹചര്യം കണക്കിലെടുത്ത് അവർക്ക് അടിയന്തര ആശ്വാസം നൽകുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും ഉത്തമർണ്ണ സ്ഥാപനങ്ങളുമായി (financial institutions) ന്യായനിർണ്ണയം നടത്തുന്നതിനും കടക്കാരായ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസം നൽകുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനുവേണ്ടിയും 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കമ്മീഷനാണ് കേരള കർഷക കടാശ്വാസ

കമ്മീഷൻ. മോശം ഉൽപാദനം, വിലയിടിവ്, തൊഴിലില്ലായ്മ, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയ ഘടകങ്ങൾ കാരണം മത്സ്യത്തൊഴിലാളികൾക്കിടയിലെ ഉയർന്ന തോതിലുള്ള കടബാധ്യത പരിഹരിക്കുന്നതിനാണ് കമ്മീഷൻ സ്ഥാപിതമായത്. 2008-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ടിലെ വകുപ്പ് 13, 14 പ്രകാരം കമ്മീഷന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

26) സ്ഥാപനത്തിന്റെ 2023-24-ലെ റിപ്പോർട്ട് മാത്രമാണ് ഇനി സമർപ്പിക്കാനുള്ളതെന്നും പ്രസ്തുത റിപ്പോർട്ട് തയ്യാറായിട്ടുണ്ടെന്നും ആയത് ഉടൻ തന്നെ സമർപ്പിക്കുന്നതാണെന്നും തെളിവെടുപ്പ് വേളയിൽ മത്സ്യബന്ധന വകുപ്പ് അഡീഷണൽ ഡയറക്ടർ അറിയിച്ചിരുന്നു. 2010-11, 2011-12, 2012-13, 2014-15, 2015-16, 2018-19, 2020-21, 2021-22 എന്നീ വർഷങ്ങളിലെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, കഴിഞ്ഞ ദിവസം മാത്രമാണ് പ്രസ്തുത റിപ്പോർട്ടുകൾ സർക്കാരിൽ ലഭ്യമായതെന്നും ആയത് ഉടൻതന്നെ സമിതിക്ക് ലഭ്യമാക്കുന്നതാണെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു.

27) എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷവും സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ട് പോലും നാളിതുവരെ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ലാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 2010-11, 2011-12, 2012-13, 2014-15, 2015-16, 2018-19, 2020-21, 2021-22, 2023-24, 2024-25 എന്നീ വർഷങ്ങളിലെ കുടിശ്ശിക റിപ്പോർട്ടുകൾ അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28) 2017-18-ലെ വാർഷിക റിപ്പോർട്ടിന്മേലുള്ള കാലതാമസപത്രികയിന്മേൽ സമിതി ആവശ്യപ്പെട്ട അധികവിവരം നാളിതുവരെ ലഭ്യമാക്കാത്തത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അധികവിവരം ഉടൻ സമർപ്പിക്കുന്നതാണെന്ന് വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിക്ക് ഉറപ്പ് നൽകിയിരുന്നു. ആയത് പ്രകാരം പ്രസ്തുത അധികവിവരം സമിതിയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്.

29) തെളിവെടുപ്പ് വേളയിൽ നൽകിയ ഉറപ്പ് പാലിക്കാത്ത വകുപ്പിന്റെ നിരുത്തരവാദപരമായ നടപടിയിൽ സമിതി അമർഷം രേഖപ്പെടുത്തുന്നതോടൊപ്പം

<u>റിപ്പോർട്ട് സമർപ്പണം സമയബന്ധിതമാക്കുവാനും സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾക്ക് മറുപടി കാലവിളംബം വരുത്താതെ ലഭ്യമാക്കുവാനും അതിനായി വകുപ്പ് സെക്രട്ടറി തലത്തിൽ മോണിറ്ററിംഗ് ഉൾപ്പെടെയുള്ള ഉന്നത ഉദ്യോഗസ്ഥ തലത്തിലുള്ള സംവിധാനമുണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.</u>

**7. <u>കേരള മാരിടൈം ബോർഡ്</u> [ കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ]**

30) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെയും അനുബന്ധ ആസ്തികളുടെയും വികസനവും ഭരണവും ലക്ഷ്യമിട്ട് 2017-ൽ രൂപീകൃതമായ സ്വയംഭരണ സ്ഥാപനമാണ് കേരള മാരിടൈം ബോർഡ് (KMB). കേരളത്തിന്റെ 590 കി.മീ. ദൈർഘ്യമുള്ള കടൽത്തീരത്തെ 17 ചെറുകിട തുറമുഖങ്ങൾ ഈ ബോർഡിന്റെ നിയന്ത്രണത്തിലാണ്.

31) 2017-ലെ KMB Act Section 11 പ്രകാരം KMDCL 02.05.2019-ാം തീയതിയിൽ കേരള മാരിടൈം ബോർഡിൽ ലയിപ്പിച്ചതോടുകൂടി കേരള മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ കമ്പനി ഇല്ലാതായെന്നും ആയത് കൊണ്ടാണ് റിപ്പോർട്ടുകൾ സമർപ്പിക്കാൻ കാലതാമസമുണ്ടായതെന്നും 2017-18 വരെ സി&എജി-യുടെ ഓഡിറ്റ് പൂർത്തിയാക്കി റിമാർക്സ് ലഭിച്ചിട്ടുണ്ടെന്നും 2018-19, 2019-20 വർഷത്തെ ഓഡിറ്റിന്റെ നടപടികൾ നടന്നുകൊണ്ടിരിക്കുകയാണെന്നും 6 മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും നിലവിൽ KMDCL കമ്പനി ലിക്വിഡേഷൻ പ്രോസസിലാണെന്നും കമ്പനികളുടെ ലിസ്റ്റിൽനിന്നും വേർപ്പെടുത്താനുള്ള നടപടികൾ നടക്കുകയാണെന്നും ഇപ്പോൾ കമ്പനി പ്രവർത്തിക്കുന്നില്ലെന്ന് മാത്രമല്ല ആസ്തികളുമില്ലായെന്നും നിലവിലുള്ള കേസുകൾ തീർപ്പാക്കിയാൽ മാത്രമെ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാകുകയുള്ളൂവെന്നും ആറ് മാസത്തിനുള്ളിൽ എല്ലാ റിപ്പോർട്ടുകളും ലഭ്യമാക്കുന്നതാണെന്നും കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തെളിവെടുപ്പ് യോഗത്തിൽ സമിതിയെ അറിയിച്ചിരുന്നു.

32) കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന്റെ പ്രവർത്തനം നിലച്ചത് എന്നാണെന്നും ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് സ്ഥാപനത്തെ കമ്പനി രജിസ്റ്ററിൽനിന്നും നീക്കം ചെയ്യുന്നതിന് എന്നത്തേക്ക് കഴിയും എന്നതും സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ കേരള മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തനം നിലച്ച വർഷം വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

33) 2017-ലെ കേരള മാരിടൈം ബോർഡ് ആക്റ്റിലെ വകുപ്പ് 84 പ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും 88 പ്രകാരം വാർഷിക ഭരണ റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്. തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശപ്രകാരം കേരള മാരിടൈം ബോർഡിന്റെ 2018-19 മുതൽ 2020-21 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളും 2019-20 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനത്തിന്റെ 2021-22-ലെ വാർഷിക റിപ്പോർട്ടും 2022-23 മുതൽ 2024-25 വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**8. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്**

34) കേരള സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL), രാജ്യത്തെ ആദ്യത്തെ ആഴക്കടൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലാണ്. കേരള സർക്കാരും അദാനി ഗ്രൂപ്പും തമ്മിലുള്ള പൊതു സ്വകാര്യ പങ്കാളിത്തത്തിലൂടെയാണ് ഇത് യാഥാർഥ്യമാകുന്നത്. DBFOT (Design-Build-Finance-Operate-Transfer) കരാർ പ്രകാരമാണ് ഇതിന്റെ നിർമ്മാണവും

പ്രവർത്തനവും നടക്കുന്നത്. വിഴിഞ്ഞത്ത് ഒരു ആഴക്കടൽ തുറമുഖത്തിന്റെ വികസനം സുഗമമാക്കുന്നതിനും ആഗോള സമുദ്ര വ്യാപാരത്തിൽ ഒരു പ്രധാന ചാലകമാകുന്നതിനും അതുവഴി പ്രാദേശിക, ദേശീയ സാമ്പത്തിക വളർച്ചയെ ശാക്തീകരിക്കുന്നതിനും കമ്പനി വിഭാവനം ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വികസനത്തിനും ലോജിസ്റ്റിക്സ് സെന്റർ / ഫ്രീ ട്രേഡ് സോൺ / തുറമുഖ പദ്ധതിക്കായുള്ള വെയർഹൗസിംഗ് സോൺ, അനുബന്ധ പദ്ധതികൾ തുടങ്ങിയ മറ്റ് വികസന ആവശ്യങ്ങൾക്കും വി.ഐ.എസ്.എൽ. പിന്തുണയും ആധുനിക അടിസ്ഥാന സൗകര്യങ്ങളും നൽകുന്നു.

35) സ്ഥാപനത്തിന്റെ 2020-21 മുതലുള്ള റിപ്പോർട്ടുകൾ കുടിശ്ശികയായത് എന്തുകൊണ്ടാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന് 2021-22 വരെയുള്ള റിപ്പോർട്ട് സർക്കാരിൽ നൽകിയിട്ടുണ്ടെന്നും 2022-23 വർഷത്തെ സി&എജി-യുടെ ഓഡിറ്റ് പൂർത്തിയായിട്ടുണ്ടെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ലായെന്നും 2023-24 വർഷത്തിലെ ഓഡിറ്റ് നടക്കുകയാണെന്നും സെപ്റ്റംബർ-ഒക്ടോബർ മാസത്തോടുകൂടി കുടിശ്ശിക റിപ്പോർട്ടുകളെല്ലാം ലഭ്യമാക്കാൻ സാധിക്കുമെന്നും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് (VISL) കമ്പനി സെക്രട്ടറി & ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ സമിതിയെ അറിയിച്ചിരുന്നു. സ്ഥാപനത്തിന്റെ കുടിശ്ശിക റിപ്പോർട്ടുകൾ രണ്ട് മാസത്തിനുള്ളിൽ തന്നെ ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി നിർദ്ദേശം നൽകിയിരുന്നു. സമിതി നിർദ്ദേശപ്രകാരം 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

36) ചട്ട പ്രകാരം സ്ഥാപനത്തിന്റെ **ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും** സഭയിൽ സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പുറംചട്ടയിൽ വാർഷിക റിപ്പോർട്ടെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി ഇനി മുതൽ ലഭ്യമാക്കുന്ന വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ റിപ്പോർട്ടിന്റെ പുറംചട്ടയിൽ

വാർഷിക റിപ്പോർട്ടിന് പകരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കാൻ സ്ഥാപനത്തിന് നിർദ്ദേശം നൽകണമെന്നും സ്ഥാപനത്തിന്റെ 2023-24, 2024-25 വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**9. മലബാർ ഇന്റർനാഷണൽ പോർട്സ് & സെസ്സ് ലിമിറ്റഡ്**

37) കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു ഗ്രീൻഫീൽഡ് അന്താരാഷ്ട്ര തുറമുഖവും പ്രത്യേക സാമ്പത്തിക മേഖലയും വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, 2018 മാർച്ച് 6-ന് കേരളത്തിൽ സ്ഥാപിതമായ ഒരു സംസ്ഥാന സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ് മലബാർ ഇന്റർനാഷണൽ പോർട്ട് & സെസ് ലിമിറ്റഡ് (MIPSL). 2013-ലെ കമ്പനീസ് ആക്ട് പ്രകാരമാണ് ഈ സ്ഥാപനം രൂപീകൃതമായത്. പ്രസ്തുത ആക്ട് പ്രകാരം സ്ഥാപനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടും വാർഷിക റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

38) സ്ഥാപനത്തിന്റെ 2021-22 വരെയുള്ള റിപ്പോർട്ട് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ടെന്നും 2022-23-ലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് നടക്കുകയാണെന്നും മൂന്നുമാസത്തിനുള്ളിൽ കുടിശിക റിപ്പോർട്ടുകൾ സമർപ്പിക്കാമെന്നും കമ്പനി സെക്രട്ടറി തെളിവെടുപ്പ് വേളയിൽ അറിയിച്ചിരുന്നു. എന്നാൽ കുടിശ്ശിക റിപ്പോർട്ടുകൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

39) തെളിവെടുപ്പ് യോഗത്തിൽ സെക്രട്ടറി നൽകിയ ഉറപ്പ് നാളിതുവരെ പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം സ്ഥാപനത്തിന്റെ 2022-23, 2023-24, 2024-25 എന്നീ വർഷങ്ങളിലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40) വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിലും പുറംചട്ടയിൽ വാർഷിക റിപ്പോർട്ടെന്നാണ് രേഖപ്പടുത്തിയിരിക്കുന്നതെന്ന് നിരീക്ഷിച്ച സമിതി വാർഷിക റിപ്പോർട്ടിൽ ഓഡിറ്റ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ഇനി മുതൽ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെ പുറംചട്ടയിൽ വാർഷിക റിപ്പോർട്ടിന് പകരം വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും എന്ന് കൃത്യമായി രേഖപ്പെടുത്തി ലഭ്യമാക്കാൻ സ്ഥാപനത്തിന് കർശന നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**10. കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാല (KUFOS)**

41) കേരള നിയമസഭ പാസ്സാക്കിയ 2010-ലെ കേരള മത്സ്യബന്ധന സമുദ്രഗവേഷണ സർവ്വകലാശാലാ ആക്റ്റ് പ്രകാരം 2010 നവംബർ 20-ന് കേരള ഫിഷറീസ് സമുദ്ര പഠന സർവകലാശാല(KUFOS) നിലവിൽ വന്നു. ഫിഷറീസും അനുബന്ധ വിഷയങ്ങൾക്കുമായി മാത്രം സ്ഥാപിച്ച ഇന്ത്യയിലെ ആദ്യ സർവ്വകലാശാലയാണിത്. 2010-ലെ കേരള മത്സ്യബന്ധന സമുദ്ര ഗവേഷണ സർവ്വകലാശാലാ ആക്റ്റിലെ വകുപ്പ് 65(4) പ്രകാരം സർവകലാശാലയുടെ വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും സഭയിൽ സമർപ്പിക്കേണ്ടതുണ്ട്.

42) 8 വർഷത്തെ വാർഷിക റിപ്പോർട്ടും 11 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടും കുടിശ്ശികയായതിന്റെ കാരണമെന്താണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി ആരാഞ്ഞതിന്, രണ്ട് വർഷത്തെ റിപ്പോർട്ടുകൾ ഒഴികെ ബാക്കിയെല്ലാം സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ടെന്നും 2022-23, 2023-24 വർഷങ്ങളിലെ ഓഡിറ്റ് നടക്കുകയാണെന്നും ജോയിന്റ് രജിസ്ട്രാർ അറിയിക്കുകയുണ്ടായി. സ്ഥാപനം ലഭ്യമാക്കിയ റിപ്പോർട്ടുകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും അംഗീകാരം ലഭിച്ചാലുടൻ നിയമസഭയിൽ ലഭ്യമാക്കാമെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

43) കുടിശ്ശിക റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ഒരു വർഷം ജോയിന്റ് രജിസ്ട്രാർ

ആവശ്യപ്പെട്ടെങ്കിലും അത്രയും സമയം അനുവദിക്കാൻ സാധിക്കുകയില്ലെന്നും പരമാവധി ആറുമാസത്തിനുള്ളിൽ റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുകയും അപ്രകാരം ലഭ്യമാക്കാമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഉറപ്പ് നൽകുകയും ചെയ്തിരുന്നു.

44) സമിതി നിർദ്ദേശപ്രകാരം സർവ്വകലാശാലയുടെ 2012-13 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും 2015-16 മുതൽ 2023-24 വരെയുള്ള വർഷങ്ങളിലെ വാർഷിക റിപ്പോർട്ടുകളും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് യഥാക്രമം 08.10.2024, 27.01.2026 എന്നീ തീയതികളിൽ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാലയുടെ 2022-23, 2023-24 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളും 2024-25-ലെ വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകളും അടിയന്തരമായി സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45) കേരള ഫിഷറീസ് സമുദ്ര പഠന സർവ്വകലാശാലയുടെ തുടർന്നുള്ള വർഷങ്ങളിലെ റിപ്പോർട്ടുകൾ കാലതാമസം കൂടാതെ തന്നെ സഭയിൽ സമർപ്പിക്കുവാൻ ലഭ്യമാക്കണമെന്നും റിപ്പോർട്ടുകൾ കുടിശ്ശികയാകുന്ന പ്രവണത അവസാനിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**റിപ്പോർട്ടുകൾ നൽകാൻ ബാധ്യസ്ഥരായ മറ്റ് സ്ഥാപനങ്ങൾ**

**11. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് അഡ്മിനിസ്ട്രേഷൻ & മാനേജ്മെന്റ് (NIFAM)**

**12. സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമൻ (SAF)**

**13. ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി(FFDA)**

**14. കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL)**

46) റിപ്പോർട്ട് നൽകാൻ ബാധ്യസ്ഥരായ ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി (FFDA), കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (KAVIL) എന്നീ സ്ഥാപനങ്ങൾ നാളിതുവരെ റിപ്പോർട്ടുകൾ ലഭ്യമാക്കിയിട്ടില്ലായെന്ന് തെളിവെടുപ്പ് വേളയിൽ ചെയർപേഴ്സൺ അറിയിച്ചതിന്, ഫിഷ് ഫാർമേഴ്സ് ഡെവലപ്മെന്റ് ഏജൻസി (FFDA)യുടെ 2017-18, 2018-19, 2019-20 വർഷങ്ങളിലെ റിപ്പോർട്ടുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ സമർപ്പിക്കുന്നതാണെന്നും 2020-21 മുതലുള്ള റിപ്പോർട്ടുകൾ നാലുമാസത്തിനുള്ളിൽ ലഭ്യമാക്കാൻ സാധിക്കുമെന്നും SAF, NIFAM എന്നിവയുടെ റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ടോയെന്ന് സംബന്ധിച്ച് ആശയക്കുഴപ്പമുണ്ടായിരുന്നുവെന്നും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വ്യക്തമാക്കി.

47) ഗവൺമെന്റിൽനിന്ന് ധനസഹായം സ്വീകരിക്കുന്ന സ്ഥാപനങ്ങൾ അവരുടെ റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കണമെന്ന് ചട്ടപ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ടെന്ന് ചെയർമാൻ നിർദ്ദേശിച്ചതിന് കേരള അക്വാവെഞ്ചേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ്(KAVIL)-ന്റെ റിപ്പോർട്ടുകൾ തയ്യാറായിട്ടുണ്ടെന്നും ആയത് എത്രയും വേഗം ലഭ്യമാക്കുന്നതാണെന്നും മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

48) എന്നാൽ തെളിവെടുപ്പ് യോഗത്തിന് ശേഷം നാളിതുവരെ പ്രസ്തുത സ്ഥാപനങ്ങളുടെ ഒരു റിപ്പോർട്ട് പോലും സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടില്ലാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. തെളിവെടുപ്പ് വേളയിലെ സമിതി നിർദ്ദേശം പാലിക്കപ്പെടാത്തത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര കൃത്യവിലോപമായി സമിതി കണക്കാക്കുന്നു. കുടിശ്ശിക വരുത്താതെ തന്നെ റിപ്പോർട്ട് സമർപ്പിക്കുവാൻ സ്ഥാപനങ്ങൾക്ക് വകുപ്പ് സെക്രട്ടറി കർശന നിർദ്ദേശം നൽകണമെന്നും റിപ്പോർട്ട് സമർപ്പണത്തിൽ തുടർച്ച ഉണ്ടാകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

**2020 മുതൽ 2023 വരെ പുറപ്പെടുവിച്ച എസ്.ആർ.ഒ.-കളിൽ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കാത്തവ സംബന്ധിച്ച വിശദാംശം**

49) മത്സ്യബന്ധന തുറമുഖ വകുപ്പിൽനിന്നും പുറപ്പെടുവിച്ച 369/2020, 438/2020, 235/2021, 489/2021, 694/2022, 857/2022, 233/2023 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ കുടിശികയാണെന്ന് തെളിവെടുപ്പ് വേളയിൽ സമിതി അറിയിച്ചതിന് പ്രസ്തുത എസ്.ആർ.ഒ.കളുടെ കാലതാമസപത്രികകൾ ബഹുമാനപ്പെട്ട മന്ത്രിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണെന്നും അംഗീകാരം ലഭിച്ചാലുടൻ അവ ലഭ്യമാക്കുന്നതാണെന്നും മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയ്ക്ക് ഉറപ്പ് നൽകിയിരുന്നു.

50) സമിതിയ്ക്ക് നൽകിയ ഉറപ്പ് പ്രകാരം പ്രസ്തുത എസ്.ആർ.ഒ.കൾ സഭയിൽ സമർപ്പിക്കാൻ ലഭ്യമാക്കുകയും ആയത് സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എസ്.ആർ.ഒ.കൾ യഥാസമയം സഭയുടെ മേശപ്പുറത്ത് വച്ചാൽ മാത്രമേ അംഗങ്ങൾക്ക് പ്രസ്തുത ചട്ടങ്ങളിൽ എന്തെങ്കിലും പോരായ്മകളുണ്ടെങ്കിൽ കണ്ടെത്തി ഭേദഗതി നിർദ്ദേശിക്കുന്നതിന് സാധിക്കുകയുള്ളൂവെന്നും പൊതുജനങ്ങൾക്ക് നിയമസഭയിൽ വന്ന് ഭേദഗതി നിർദ്ദേശിക്കാൻ സാധിക്കാത്തതിനാൽ അവർക്ക് വേണ്ടിയാണ് നിയമസഭാംഗങ്ങൾ ഭേദഗതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതെന്നും എസ്.ആർ.ഒ.കൾ യഥാസമയം സഭയിൽ സമർപ്പിക്കാതിരിക്കുന്നത് നിയമസഭയുടെ അവകാശങ്ങളുടെ ലംഘനമാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മത്സ്യബന്ധന തുറമുഖ വകുപ്പിൽ നിന്നും പുറപ്പെടുവിക്കുന്ന എസ്.ആർ.ഒ., വിജ്ഞാപനങ്ങൾ എന്നിവ പ്രസിദ്ധീകരിച്ച് രണ്ട് മാസത്തിനകം സഭയിൽ സമർപ്പിക്കുന്നതിനായി ലഭ്യമാക്കണമെന്നും അതിനായി കാലവിളംബം വരുത്തരുതെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സമിതി റിപ്പോർട്ടുകൾ സംബന്ധിച്ച്</u>

51) സമിതി(2019-21)-യുടെ മൂന്നാമത് റിപ്പോർട്ടിലെ (കടലാസുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക റിപ്പോർട്ട്) ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് രണ്ട് മാസത്തിനകം ലഭ്യമാക്കണമെന്ന് തെളിവെടുപ്പ് വേളയിൽ സമിതി വകുപ്പിന് നിർദ്ദേശം നൽകിയിരുന്നു. സമിതി നിർദ്ദേശപ്രകാരം പ്രസ്തുത നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയിൽ സമർപ്പിക്കാൻ ലഭ്യമാക്കിയിട്ടുണ്ട്.

52) <u>സമിതി റിപ്പോർട്ടുകളുടെ നടപടി സ്റ്റേറ്റ്മെന്റുകൾ അതത് സമിതിയുടെ കാലയളവിൽ തന്നെ ലഭ്യമാക്കണമെന്ന ചീഫ് സെക്രട്ടറിയുടെ 18.12.2013-ലെ പിഎഡിബി 1/77/2023/പിഎഡി നമ്പർ സർക്കുലർ (അനുബന്ധം-1) നിർദ്ദേശം കർശനമായി പാലിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**മത്സ്യബന്ധനവും തുറമുഖവും വകുപ്പിനുള്ള പൊതു ശിപാർശകളും നിർദ്ദേശങ്ങളും**

53) മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിലുള്ള ഏതൊക്കെ സ്ഥാപനങ്ങളാണ് സഭയിൽ റിപ്പോർട്ട് സമർപ്പിക്കാൻ ബാധ്യസ്ഥരെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏത് ആക്റ്റ് പ്രകാരമാണ് റിപ്പോർട്ട് സമർപ്പിക്കുന്നതെന്നും സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54) മത്സ്യബന്ധനവും തുറമുഖവും വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ പ്രവർത്തനം നിർത്തിയതോ മറ്റേതെങ്കിലും സ്ഥാപനത്തിൽ ലയിപ്പിച്ചിട്ടുള്ളതോ ആയ സ്ഥാപനങ്ങളുണ്ടെങ്കിൽ, പ്രവർത്തനം നിർത്തിയ വർഷം, ഏത് സ്ഥാപനത്തിൽ ലയിപ്പിച്ചു, പ്രവർത്തനം നിർത്തിയ വർഷം വരെയുള്ള വാർഷിക, ഓഡിറ്റ് റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചിട്ടുണ്ടോ തുടങ്ങിയവ വ്യക്തമാക്കുന്ന റിപ്പോർട്ട് സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.

55) കുടിശ്ശിക റിപ്പോർട്ടുകൾ ഒന്നിച്ച് സഭയിൽ സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും റിപ്പോർട്ടുകൾ അതാത് വർഷം തന്നെ തയ്യാറാക്കി ചട്ടപ്രകാരം സഭയിൽ സമർപ്പിക്കുന്നതിന് സ്ഥാപനമേധാവികൾക്ക് കർശന നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

56) കുടിശ്ശിക റിപ്പോർട്ടുകൾക്കൊപ്പം ഹാജരാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ധനകാര്യ വകുപ്പിന്റെ 21.12.2013-ലെ 105/2013/ധന. നമ്പർ സർക്കുലർ(അനുബന്ധം-2) പ്രകാരമുള്ളതായിരിക്കണമെന്നും (2 എണ്ണം വകുപ്പ് മന്ത്രി സാക്ഷ്യപ്പെടുത്തിയതും 28 എണ്ണം ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതും) ഏതൊക്കെ ഘട്ടങ്ങളിലാണ് കാലതാമസം വന്നിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന രീതിയിൽ ഓരോ വർഷത്തേയ്ക്കും പ്രത്യേകം പ്രത്യേകം കാലതാമസപത്രിക തയ്യാറാക്കി സഭ മുൻപാകെ സമർപ്പിക്കണമെന്നും നിസ്സാര കാരണങ്ങൾ ചൂണ്ടിക്കാട്ടി കാലതാമസ പത്രിക സമർപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

57) <u>സഭയിൽ സമർപ്പിക്കേണ്ട രേഖകൾ 'വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും' ആണെന്നിരിക്കേ റിപ്പോർട്ടിന്റെ പുറംചട്ടയിൽ അപ്രകാരമുള്ള രേഖപ്പെടുത്തലുകൾ കൃത്യമായി നടത്തണമെന്നും വകുപ്പ് ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നും സമിതി നിർദേശിക്കുന്നു.</u>

58) <u>സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ വകുപ്പിൽ ലഭ്യമായതിന് ശേഷവും വകുപ്പുകളിൽ നിന്നും നിയമസഭാ സെക്രട്ടേറിയറ്റിൽ സമർപ്പിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. ഇത് വകുപ്പിന്റെ ഭാഗത്ത് നിന്നുള്ള ഗുരുതരമായ കൃത്യവിലോപമായി സമിതി വിലയിരുത്തുന്നതിനോടൊപ്പം വകുപ്പിൽ ലഭ്യമാക്കുന്ന റിപ്പോർട്ടുകൾ താമസംവിനാ സഭയുടെ മേശപ്പുറത്തു വയ്ക്കുന്നതിനായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.</u>

**ശ്രീ. പി. സി. വിഷ്ണുനാഥ്,**
ചെയർപേഴ്സൺ,
മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച സമിതി.

തിരുവനന്തപുരം
23 ഫെബ്രുവരി 2026